# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2095 — 08/03/2018-ൽ മറുപടിക്ക്

## **മൈലാട്ടി ഡീസൽ പവർ പ്ലാന്റ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. കെ.പി.സി.എൽ.-ഉം കെ.എസ്.ഇ.ബി. ലിമിറ്റഡുമായുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി 13.05.2016-ൽ അവസാനിച്ചു. |
| (ബി) | പ്രസ്തുത പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കുമോ; | (ബി) | കെ.പി.സി.എൽ.-ഉം ആയി 04.08.2000-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ട ലാന്റ് ലീസ് എഗ്രിമെന്റ് പ്രകാരം പ്രസ്തുത പ്ലാന്റ് 8.921 ഏക്കറിൽ സ്ഥിതി ചെയ്യുന്നു. |
| (സി) | പ്രസ്തുത ഡീസൽ പവർ പ്ലാന്റ് അതോറിറ്റിക്ക് കെ.എസ്.ഇ.ബി എത്ര തുക നൽകാനുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കെ.പി.സി.എൽ. പ്ലാന്റുമായി ഇന്ധന സപ്ലൈറായ ബി.പി.സി.എൽ.-ന് നിലവിലുള്ള തർക്കവിഷയങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായതിനാലും ഇന്ധനത്തിന് ബാധകമായ നികുതി സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നതിനാലും കെ.പി.സി.എൽ.-ഉം കെ.എസ്.ഇ.ബി. ലിമിറ്റഡുമായുള്ള ഫൈനൽ സെറ്റിൽമെന്റിനെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) | പ്ലാന്റ് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബിയുടെ കൈവശമുള്ള മേൽസ്ഥലം എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കെ.പി.സി.എൽ.-ഉം ആയിട്ടുള്ള ഫൈനൽ സെറ്റിൽമെന്റ് ആകാത്തതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ